(ii) പിരിച്ചെടുക്കേണ്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	വിൽപ്പന നികുതി	കാർഷികാദായനികുതി
	(തുക കോടിയിൽ)	
2003-2004	2661.12	64.99
2004-2005	2772.23	71.91

(iii) എക്സൈസ് ഇനത്തിലുള്ള തുകയുടെ വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

ഇഞ്ചിക്കും ചുക്കിനും വിൽപ്പന നികുതി

25 [203] *ശ്രീ. കെ. എ. ചന്ദ്രൻ:*
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. ബാബു:
,, എ. കെ. മണി:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപ് ഇഞ്ചിക്കും ചുക്കിനും വിൽപ്പന നികുതി ചുമത്തിയിരുന്നുവോ;

(ബി) എങ്കിൽ അവയുടെ നികുതി എത്ര വീതമായിരുന്നു;

(സി) വാറ്റ് നിയമത്തിൽ ഇഞ്ചിക്കും ചുക്കിനും വിൽപ്പന നികുതി ചുമത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോന്നിനും എത്ര ശതമാനം വീതമാണ് വിൽപ്പന നികുതി ചുമത്തിയിട്ടുള്ളത്;

(ഡി) കർണ്ണാടകത്തിൽ ഇവയ്ക്ക് വിൽപ്പന നികുതി ചുമത്തിയിട്ടുണ്ടോ; മുൻപ് കർണ്ണാടകത്തിൽ നിന്നും സംസ്ഥാനത്തേക്ക് ഇഞ്ചി കൊണ്ടുവന്ന് സംസ്ക്കരിച്ച് വ്യാപാരം നടത്തിയിരുന്നോ?

ഉത്തരം

(എ) & (ബി) കേരള പൊതു വിൽപ്പന നികുതി പ്രകാരം കേരളത്തിനകത്തു നിന്നും വാങ്ങുന്ന ഇഞ്ചിക്കും ചുക്കിനും അവസാന വാങ്ങൽ ഘട്ടത്തിലും കേരളത്തിന് പുറത്തു നിന്നും കൊണ്ടുവരുന്ന ഇഞ്ചിക്കും ചുക്കിനും ആദ്യഘട്ട വിൽപ്പന നാല് ശതമാനം നികുതിക്ക് വിധേയമാക്കിയിരുന്നു. എന്നാൽ പിന്നീട് കേരളത്തിനകത്തു നിന്നും വാങ്ങുന്ന ഇഞ്ചിയെ പർച്ചേസ് ടാക്സിൽ നിന്നും ചുക്കിനെ കേന്ദ്ര വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(സി) വാറ്റ് നിയമത്തിൽ ഇഞ്ചിയെ നികുതി വിമുക്തമാക്കിയിട്ടുണ്ട്. ചുക്കി നെക്കൂടി നികുതി വിമുക്തമാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തുന്നതാണ്.

(ഡി) കർണ്ണാടകത്തിൽ ഇഞ്ചിക്ക് നികുതിയില്ല. മുൻപ് കർണ്ണാടകത്തിൽ നിന്നും സംസ്ഥാനത്തേക്ക് ഇഞ്ചി കൊണ്ടുവന്ന് സംസ്ക്കരിച്ച് വ്യാപാരം നടത്തിയിരുന്നു.

നികുതികുറവുമൂലമുണ്ടായ വിലക്കുറവ് ഉപഭോക്താവിന് ലഭിക്കാൻ നടപടി

26 [204] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
„ *സി. മോയിൻ കുട്ടി:*
„ *ടി. പി. എം. സാഹിർ:*
„ *കെ. എൻ. എ. ഖാദർ:*
„ *ഇസ്മായിൽ കുരിക്കൾ:* താഴെ കാണുന്ന ഉല്പന്നങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നിയമം പ്രാബല്യത്തിൽ വന്നപ്പോൾ നികുതി കുറവ് വന്നതുമൂലം വിലക്കുറവുണ്ടായത് ഏതെല്ലാം സാധനങ്ങൾക്കാണെന്ന് പരിശോധിച്ചിട്ടുണ്ടോ:

(ബി) ഈ സാധനങ്ങൾക്ക് നികുതി കുറവുമൂലമുണ്ടായ വിലക്കുറവ് ഉപഭോക്താവിന് ലഭിക്കാൻവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോ:

(സി) ഇത്തരം നടപടിമൂലം വിലക്കുറവ് ഉണ്ടായിട്ടുള്ള എത്ര സാധനങ്ങൾ ഉണ്ട്. അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂല്യവർദ്ധിത നികുതി നിയമം നടപ്പിൽ വന്നശേഷം നിരവധി ഉൽപ്പന്നങ്ങളുടെ നികുതി നിരക്കിൽ കുറവ് വന്നിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ ചുവടെ കാണിച്ചിരിക്കുന്നു.

1. റെഡിമെയ്ഡ് വസ്ത്രങ്ങൾ
2. ഔഷധങ്ങൾ
3. പി. വി. സി. പൈപ്പ്
4. കാലിത്തീറ്റ
5. ഇലക്ട്രിക് ഉപകരണങ്ങൾ
6. അലുമിനിയം ഗൃഹോപകരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly